LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ വെണ്ടാർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി നിലവിൽ വന്ന അദ്ധ്യാപക തസ്തിക

70 [1431] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ വെണ്ടാർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി നിലവിൽ വന്ന അദ്ധ്യാപക തസ്തികയിൽ നിയമനം നടത്തിയപ്പോൾ നിലവിലുള്ള ഹൈസ്കൂളിൽ നിന്നുള്ള അർഹരായ അദ്ധ്യാപകരെ പരിഗണിച്ചില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നടത്തിയ നിയമനത്തിന് നൽകിയ അംഗീകാരം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ മൂന്ന് പരാതികൾ ഇംഗ്ലീഷ്, ഹിന്ദി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ലഭിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് വിഷയത്തിൽ ഒരു അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം നൽകിയിട്ടില്ല. പരാതിക്കാരന് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലായിരുന്നു എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഹിന്ദി വിഷയത്തിൽ നിയമനാംഗീകാരം നൽകി. മാത്തമാറ്റിക്സ് വിഷയത്തിൽ ഉണ്ടായിരുന്ന പരാതി പരാതിക്കാരൻ പിന്നീട് പിൻവലിക്കുകയുണ്ടായി.

ശ്രീമതി പുഷ്പലത എന്ന അദ്ധ്യാപികയ്ക്ക് ശമ്പളം നൽകാൻ നടപടി

71 [1432] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ ആയിരവല്ലി മുനിസിപ്പൽ .യു. പി. സ്കൂൾ അസിസ്റ്റന്റായി ജോലി ചെയ്തുവരുന്ന ശ്രീമതി എ. പുഷ്പലത എന്ന അദ്ധ്യാപികയെ പി. എസ്. സി.-യുടെ അഡ്വൈസ് അനുസരിച്ച് 4-12-2000 മുതൽ 4-6-2001 വരെ പുനലൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള തൊളിക്കോട് എൽ. പി. എസ്സിൽ എൽ. പി. എസ്. അസിസ്റ്റന്റായി നിയമിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് ഈ കാലയളവിൽ ശമ്പളം നൽകിയിട്ടുണ്ടോ;

(സി) 15-9-2003-ല ജി. ഒ. (ആർ. ടി.) നമ്പർ 3683/03/എഡ്യൂ. എന്ന ഉത്തരവിൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് അക്കാലത്തെ ശമ്പളം കൊടുക്കണമെന്ന് പുനലൂർ എ. ഇ. ഒ.-യ്ക്ക് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) ഈ ഉത്തരവ് പുനലൂർ എ. ഇ. ഒ.-ക്ക് എന്ന് ലഭിച്ചു;

(ഇ) അതനുസരിച്ച് പുനലൂർ എ. ഇ. ഒ. പ്രസ്തുത അദ്ധ്യാപികയ്ക്ക് ശമ്പളം നൽകിയോ;